VANITHA VEEDU NOVEMBER 2018

# വനിത വീട്

നവംബർ 2018 ₹ 40

## Ceilings
## In Style



ചൂടു കുറയ്ക്കാൻ
ടർബൈൻ വെന്റിലേറ്റർ

ട്രസ്സ് റൂഫിന്
പലതുണ്ട് പ്രയോജനം

അതിവേഗത്തിൽ
ജിഎഫ്ആർജി പാനൽ വീട്

## പുനർനിർമിക്കാം കേരളം:
## ചെലവു കുറഞ്ഞ മാതൃകകൾ

Cover Project by Studio TAB, Mumbai




# ഫ്യൂച്ചർ റെഡി എബിസിഎംപോറിയോ

**ഇടപ്പള്ളിയിലെ സാനിറ്ററിവെയർ ഷോറൂം എബിസി എംപോറിയോ കൊമേഴ്സ്യൽ ബിൽഡിങ് വിഭാഗത്തിൽ പ്രത്യേക പരാമർശം നേടി**





Commercial Building

**Commendation**

Favas Mohammad, Arun Tillak

"ഇടപ്പള്ളി പോലെയുള്ള സ്ഥലം ഒരേസമയം സാധ്യതയും വെല്ലുവിളിയും ആയിരുന്നു. സാധനം വാങ്ങാനെത്തുന്നവർക്ക് ഏറ്റവും നല്ല അനുഭവം നൽകുംവിധമാണ് ഷോറൂം രൂപകൽപന ചെയ്തത്. നാളെ സംഭവിക്കാവുന്ന മാറ്റങ്ങളെക്കൂടി ഉൾക്കൊള്ളാൻ വേണ്ട മുന്നൊരുക്കങ്ങളും ചെയ്തു."







**Jury comment**

**ഇന്നിന്റെ ആവശ്യങ്ങൾക്കൊപ്പം നാളെയുടെ സാധ്യതകളോടും വിവേകപൂർവം പ്രതികരിക്കുന്ന ഡിസൈൻ.**

സെക്കൻഡുകൾ മാത്രം അതിനുള്ളിൽ മനസ്സ് കീഴടക്കണം. ഏതൊരു വ്യാപാര സ്ഥാപനത്തിന്റെയുമെന്നപോലെ എൻസി എക്സ്പീരിയൻസിന്റെ രൂപകൽപനയിലും മുഖ്യ പരിഗണന ഇതിനു തന്നെയായിരുന്നു. കൊച്ചിയുടെ ഷോപ്പിങ് സിരാകേന്ദ്രമായി വളരുന്ന ഇടപ്പള്ളിയാണ് ലൊക്കേഷൻ. ഒരു നിമിഷമായിരിക്കും കണ്ണ് പതിയുക. പറയേണ്ടതെല്ലാം അതിനുള്ളിൽ പറഞ്ഞിരിക്കണം.

മൾട്ടി ബ്രാൻഡ് ഔട്ട്ലെറ്റ് ആണ് ഡിസൈൻ ചെയ്യേണ്ടത് എന്നതായിരുന്നു മറ്റൊരു വെല്ലുവിളി. ഒന്നിനും പ്രാധാന്യം കുറയാൻ പാടില്ല. ഓരോ ബ്രാൻഡിന് പ്രത്യേകസ്ഥലം ലഭിക്കുകയും വേണം.

സെന്ററിന്റെ ആകൃതിയിൽ നിന്ന് രൂപംകൊണ്ട ക്രിസ്റ്റലൈൻ രൂപമാണ് കെട്ടിടത്തിന്. വളരുന്ന നഗരത്തിന്റെ മുഖം തന്നെയാണിവിടെ പ്രതിഫലിക്കുന്നത്. നേർരേഖകളിൽ തുടങ്ങി വിഭിന്നങ്ങളായ ആകൃതികളിലേക്ക് വികസിക്കുംവിധമാണ് ഇന്റീരിയർ പ്ലാൻ. ഓരോ ഇടവും സന്ദർശകന് പുതിയ ഇടമായിരിക്കും. വേറിട്ട അനുഭൂതിയായിരിക്കും ഓരോ ഇടവും പകരുക.

അൻപതോളം സാനിറ്ററിവെയർ ഉത്പന്നങ്ങളുടെ ലൈവ് ഡിസ്പ്ലേയ്ക്കുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇതിനായി ഒരു മിനിറ്റിൽ 250 ലീറ്റർ വെള്ളം വേണം. ഓട്ടമാറ്റിക് ആയി പ്രവർത്തിക്കുന്ന പ്ലംബിങ് സിസ്റ്റം, വാട്ടർ സ്റ്റോറേജ് ടാങ്ക്, ഫിൽറ്ററേഷൻ സിസ്റ്റം എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

കസ്റ്റമർ എത്തുമ്പോൾ മാത്രം തെളിയുന്ന തരത്തിലുള്ളതാണ് ഷോറൂമിലെ ലൈറ്റുകൾ മുഴുവൻ. പ്രത്യേക സെൻസറിന്റെ (Occupancy Sensor) സഹായത്താൽ പ്രവർത്തിക്കുന്ന സ്വയംനിയന്ത്രണ സംവിധാനം വൈദ്യുതി പാഴാകുന്നത് തടയുന്നു.

ഇന്ററാക്ടീവ് ടച്ച് സ്ക്രീനുകൾ വഴി ഓരോ ഉത്പന്നത്തിന്റെയും വിശദാംശങ്ങൾ അടുത്തറിയാം. നാളെയുടെ മാറ്റങ്ങൾക്കും സാധ്യതകൾക്കുമായി വാതിൽ തുറന്നിടും വിധമാണ് രൂപകൽപന. ■